**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2208 — 12. 2. 2013 - ലെ മറുപടിക്ക്

## സൈൻബോർഡ് അഴിമതി കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ :<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ.റ്റി.വി.രാജേഷ് :<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഉന്നതർക്കെതിരെ 500 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ട സൈൻബോർഡ് അഴിമതിക്കേസ് എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടുള്ള വിജിലൻസിന്റെ ഹർജി, കോടതി തള്ളിക്കളയുകയുണ്ടായോ; | (എ) സൈൻബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിന്റെ (വി.സി.9/04/എസ്.ഐ.യു) അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് ബഹുമാനപ്പെട്ട കോടതി അംഗീകരിച്ചില്ല. |
| (ബി) വിജിലൻസ് നൽകിയ ഹർജിയിൽ, കോടതിയുടെ നിർദ്ദേശം എന്തായിരുന്നു; ഇതു സംബന്ധിച്ച് അന്വേഷണം തുടരുന്നുണ്ടോ ; | (ബി) വിജിലൻസ് നൽകിയ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടു. ഈ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ സൈൻബോർഡ് സ്ഥാപിക്കാനുള്ള കരാറിന്റെ മറവിൽ നടന്നതായി പറയുന്ന അഴിമതി ആരോപണം എന്തായിരുന്നു; വിശദമാക്കുമോ ? | (സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സൈൻബോർഡ് സ്ഥാപിക്കാനുള്ള കരാറിന്റെ മറവിൽ നടന്നതായി പറയുന്ന അഴിമതി ആരോപണങ്ങൾ താഴെ പറയുന്നവയാണ്.<br>1) ദേശീയ പാതയുടെ വശങ്ങളിൽ നിയമവിരുദ്ധമായി പരസ്യബോർഡുകൾ സ്ഥാപിച്ചു.<br>2) 280 gantry sign board കൾ 15 വർഷത്തേയ്ക്ക് ഫീസൊന്നും കൂടാതെ സ്ഥാപിക്കുന്നതിന് അനുവാദം കൊടുത്തതിന്റെ പേരിൽ 42 കോടി രൂപയുടെ നഷ്ടം സർക്കാരിനുണ്ടായി. |

3) സർക്കാർ ഭൂമിയിൽ വ്യാപാരം നടത്തുന്നതിന് നിയമ വിരുദ്ധമായി ലൈസൻസ് നൽകിയതു വഴി കരാറുകാരന് 500 കോടി രൂപയുടെ നേട്ടം ഉണ്ടായി.

4) ടെൻഡർ ക്ഷണിക്കാതെ നിയമവിരുദ്ധമായി കരാർ അനുവദിച്ചു.

Manjith

സെക്ഷൻ ആഫീസർ